കള്ള് ചെത്തു വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

29 (1824) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളു ചെത്തു വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) കള്ള് വ്യവസായം പുനരുദ്ധരിക്കുന്നതിനായി സമർപ്പിച്ച ഉദയഭാനു കമ്മീഷൻ ശുപാർശകൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ശുപാർശകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഇ) കള്ള് ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉദയഭാനു കമ്മീഷന്റെ ശുപാർശകളിൽ കള്ളും കള്ള് വ്യവസായവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. കള്ളിന്റെ ഉത്പാദന വിതരണ ചുമതല ചെത്ത് തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്കായിരിക്കണം. ഇവ താലൂക്കടിസ്ഥാനത്തിൽ ആവാം. ഇവയ്ക്കെല്ലാം ധനസഹായം ചെയ്യുന്നതിനും മാർഗ്ഗ നിർദ്ദേശം നല്കുന്നതിനും ഒരു കേന്ദ്ര സംഘം ഉണ്ടായിരിക്കണം.

2. ഈ കേന്ദ്ര സൊസൈറ്റിക്ക് കള്ള് കേടു കൂടാതെ കുപ്പിയിൽ അടച്ചു സൂക്ഷിക്കുന്നതിനുള്ള ഗവേഷണവും, കയറ്റുമതി ചെയ്യുന്നതിനുള്ള അന്വേഷണവും നടത്താവുന്നതാണ്.

3. കള്ളുഷാപ്പുകൾ വെടിപ്പും, വൃത്തിയും ഉള്ള ഫർണിഷ്ഡ് സ്ഥലങ്ങളിലായിരിക്കണം. സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലത്തേ കള്ളുഷാപ്പുകൾ അനുവദിക്കാവൂ എന്ന് വ്യവസ്ഥ ചെയ്യണം. ക്രമേണ ഷാപ്പു കെട്ടിടങ്ങൾ സർക്കാർ തന്നെ നിർമ്മിച്ചു കൊടുക്കുന്ന സംവിധാനം ഉണ്ടാക്കുകയും സർക്കാർ നൽകുന്ന കെട്ടിടത്തിലേ ഷാപ്പുകൾ നടത്താവൂ എന്ന വ്യവസ്ഥയുണ്ടാക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

4. കള്ള്, 'ഡിപ്പ് ഫ്രീസർ' സൂക്ഷിക്കുന്നത് കൂടുതൽ പുളിക്കാതെയും ലഹരിക്കാതെയും ഇരിക്കുന്നതിനും സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും സഹായിക്കും. ആകയാൽ ഡിപ്പ് ഫ്രീസറിനുള്ള സബ്സിഡി കരണം ഉണ്ടാക്കണം.

5. പുളിച്ച കള്ളിൽ നിന്ന് പുളിക്കാത്ത മധുരക്കള്ളിലേക്ക് ആളുകളുടെ അഭിരുചി പരിണമിപ്പിച്ചെടുക്കുവാനുള്ള പ്രോത്സാഹനം നൽകണം. കൂപ്പിയിൽ അടച്ച് 'ഡിപ്പ്' ഫ്രീസറിൽ വെച്ച് നൽകുന്ന കള്ളിന് പ്രിയം വർദ്ധിക്കാനുള്ള എല്ലാ സാധ്യതകളും ഉണ്ട്. ഒരു വിധത്തിലും തൊഴിലിനെ പ്രതികൂലമായി ബാധിക്കുകയില്ല. അനുകൂലമായി സഹായിക്കുകയും ചെയ്യും. ഇതിനു നീര കോ-ഓപ്പറേറ്റീവ് തന്നെ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. നീര പാർലറുകൾ ഉണ്ടാക്കാവുന്നതും അവിടെ 'നീര' വിൽക്കുന്നതും പ്രത്യേകം പ്രോത്സാഹനം നൽകാവുന്നതാണ്. മധുരക്കള്ള് ചെത്തുന്ന തെങ്ങിനു വൃക്ഷക്കരം ഉപേക്ഷിക്കുന്ന കാര്യം ആലോചിക്കണം.

6. കള്ളുഷാപ്പുകളിൽ ചാരായവും, വിദേശമദ്യവും വിൽക്കുന്നതു ജയിൽ ശിക്ഷ നൽകുന്ന കുറ്റമായി അബ്കാരി നിയമത്തിൽ വ്യവസ്ഥ ചെയ്യണം.

(സി) ഉണ്ട്.

(ഡി) ഉദയഭാനു കമ്മീഷന്റെ പ്രധാന ശുപാർശയായ ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കള്ളിന്റെ ഉത്പാദന വിതരണ ചുമതല നൽകണമെന്നുള്ള കാര്യം ഇതിനോടകം നടപ്പിലാക്കി കഴിഞ്ഞതാണ്. മുൻ സർക്കാരിന്റെ കാലത്താണ് ചെത്തു തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കള്ളിന്റെ വില്പനയ്ക്കുള്ള അനുമതി നൽകിയത്. എന്നാൽ സംസ്ഥാനത്തെ ചുരുക്കം ചില സഹകരണ സംഘങ്ങൾ ഒഴിച്ച് മറ്റുള്ളവകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടതിനാലും പ്രസ്തുത സൊസൈറ്റികൾ മദ്യകുത്തകകളുടെ പിടിയിലായതിന്റെയും ഫലമായിട്ടാണ് നിലവിലുള്ള ലൈസൻസിംഗ് സംവിധാനം കൊണ്ടുവന്നിട്ടുള്ളത്. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ അബ്കാരി മാഫിയകളുടെ കടന്നുകയറ്റംമൂലം ടി വ്യവസായം പ്രതിസന്ധിയെ നേരിടുന്ന ഘട്ടം വന്നപ്പോഴാണ് സർക്കാർ പുതിയ മദ്യനയത്തിനു രൂപം നൽകിയിട്ടുള്ളത്.

ഉദയഭാനു കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കള്ളിന്റെയും നീരയുടെയും, അനുബന്ധ ഉത്പന്നങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലുമുള്ള അനന്ത സാധ്യതകളെപ്പറ്റി പഠിച്ചു സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2002-2003 വർഷത്തെ അബ്കാരി പോളിസിയിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിക്കപ്പെട്ടിട്ടുള്ളതാണ്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത മാസം മദ്ധ്യത്തോടുകൂടി ലഭ്യമാകുന്നതാണ്. കൂടാതെ 2003-2004 അബ്കാരി പോളിസിയിൽ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ 'കാൻഡ് കള്ള്' വില്ക്കുന്നതിനുള്ള അനുമതി കൊടുക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കള്ളുഷാപ്പുകൾ നടത്തുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ നടപ്പിലാക്കുന്നതിനു അധിക സാമ്പത്തിക ബാധ്യതയുള്ളതിനാൽ കൂടുതൽ സമയം ആവശ്യമാണ്. ഘട്ടംഘട്ടമായി മാത്രമേ ഇതിനു മാറ്റം വരുത്തുവാൻ സാധിക്കൂ. കള്ളുഷാപ്പുകൾ എല്ലാം തന്നെ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റണമെന്നുള്ള ശുപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിഗണിക്കാൻ സാധിക്കൂ.

മധുരക്കള്ള് ചെത്തുന്ന തെങ്ങിനു വൃക്ഷക്കരം ഉപേക്ഷിക്കണമെന്നുള്ള കമ്മീഷൻ ശുപാർശ നടപ്പിലാക്കിയാൽ അതു പല വിധത്തിലും ഉള്ള ദുരുപയോഗത്തിനും കാരണമായിത്തീരും. കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന മറ്റൊരു കാര്യം കള്ളുഷാപ്പുകളിൽ ചാരായവും, വിദേശ മദ്യവും വിൽക്കുന്നതു ജയിൽ ശിക്ഷയ്ക്ക് അർഹമാക്കണമെന്നുള്ളതാണ് അബ്കാരി ആക്ട് പ്രകാരം കള്ള് ഷാപ്പുകളിൽ ചാരായവും വിദേശമദ്യവും വിൽക്കുന്നത് കുറ്റകരവും ജയിൽ ശിക്ഷയ്ക്ക് അർഹവുമാണ്.

(ഇ) ഇക്കാര്യത്തിൽ പ്രത്യേകമായൊരു പഠനം നടത്തിയിട്ടില്ല. എന്നാൽ ഉദയഭാനു കമ്മീഷൻ കള്ള് വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ചില ശുപാർശകൾ സമർപ്പിക്കുകയും അതിലെ പ്രധാന ശുപാർശകളിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മദ്യമാഫിയ-എക്സൈസ് ഉദ്യോഗസ്ഥ അവിഹിത ബന്ധം

30 (1825) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യമാഫിയ ഉദ്യോഗസ്ഥ അവിഹിതബന്ധം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) 2003 മാർച്ച് അവസാനം സംസ്ഥാനത്തെ ചില എക്സൈസ് ഓഫീസുകളിൽ നടത്തിയ വിജിലൻസ് റെയ്ഡിൽ കണക്കിൽപ്പെടാത്ത എത്ര തുക പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അവ ഏതൊക്കെ ഓഫീസുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതു സംബന്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ടോ ; വിശദ വിവരം വ്യക്തമാക്കുമോ ;

(എഫ്) ആരുടെയെങ്കിലും പേരിൽ വകുപ്പുതല നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) തിരുവനന്തപുരത്ത് അബ്കാരി കരാറുകാരനായ സുനിലിനെ അറസ്റ്റു ചെയ്യുമ്പോൾ കൂടെ ഉണ്ടായിരുന്ന എക്സൈസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) ടിയാന്റെ പേരിൽ ചാർജ് ചെയ്തിട്ടുള്ള കേസിന്റെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly